WEBSITE: www.keralapsc.gov.in
E-MAIL: kpsc.psc@kerala.gov.in
Telephone No: 0474 -2743624

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ്, കൊല്ലം.**

റാങ്ക്പട്ടിക നമ്പർ : 23/2023/DOQ — കൊല്ലം

കാറ്റഗറി നമ്പർ : 093/2022 — തീയതി : 13.01.2023

## വിജ്ഞാപനം

**16.04.2022** തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം **കൊല്ലം ജില്ലയിൽ വനം – വന്യജീവി വകുപ്പിൽ Rs.20000-45800/-(PR)** രൂപ ശമ്പള നിരക്കിൽ **ബീറ്റ് ഫോറസ്റ്റ് ഓഫീസർ, (പാർട്ട്–II) (വനംവകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്കായി സംവരണം ചെയ്തിരിക്കുന്ന 40% ഒഴിവിലേയ്ക്കായുള്ള നിയമനം)** (ഉപജീവനത്തിനു വേണ്ടി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം) തസ്തികയുടെ നിയമനത്തിനായി 03.09.2022 തീയതിയിൽ നടന്ന OMR പരീക്ഷയുടെയും 12.12.2022 തീയതിയിൽ നടന്ന ശാരീരിക അളവെടുപ്പ്, കായിക ക്ഷമതാ പരീക്ഷകളുടെയും 29.12.2022 തീയതിയിൽ നടന്ന അഭിമുഖ പരീക്ഷയുടെയും അടിസ്ഥാനത്തിൽ കമ്മീഷൻ അനുയോജ്യമെന്ന് കണ്ടെത്തി മെറിറ്റ് അടിസ്ഥാനത്തിൽ ക്രമീകരിച്ച ഉദ്യോഗാർത്ഥികളുടെ പട്ടിക ചുവടെ ചേർക്കുന്നു. **ഈ റാങ്ക് പട്ടിക 13.01.2023 തീയതി മുതൽ പ്രാബല്യത്തിൽ വന്നിരിക്കുന്നു.**

## LIST- I

### (a) പുരുഷന്മാർ

| റാങ്ക് | ഇന്റർവ്യൂ ക്രമ നമ്പർ | പേര് | OMR പരീക്ഷയുടെ മാർക്ക് | ഇന്റർവ്യൂ മാർക്ക് | Weightage Mark | ആകെ മാർക്ക് | ജനന തീയതി | കമ്മ്യൂണിറ്റി | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | 37 | SANDEEP.R | 27.67 | 13.00 | | 40.67 | 25.05.1993 | ST-Kanikaran | |

### (b) സ്ത്രീകൾ

ഇല്ല

**കുറിപ്പ്:-1** ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി , ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും ആയിരിക്കും. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരമുള്ള റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളനുസരിച്ചും, നിയമന കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958- ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (സി), 17 (എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കും ഈ റാങ്ക്പട്ടികയിൽ നിന്നും നിയമനശിപാർശകൾ നടത്തുന്നത്. ഈ റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന

സമയത്ത് കമ്മീഷന് നിശ്ചിത പ്രൊഫോർമയിൽ അറിയിക്കുന്ന ഒഴിവുകളിലേയ്ക്ക് മാത്രമാണ് നിയമന ശിപാർശ നൽകുന്നത് എന്നതിനാൽ, ഈ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം ലഭിക്കുമെന്ന് ഉറപ്പാക്കാൻ കഴിയില്ല. റാങ്ക് ലിസ്റ്റ് റദ്ദാക്കപ്പെടുന്ന സമയത്ത് ലിസ്റ്റിൽ ശേഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ലിസ്റ്റിൽ ഉൾപ്പെടുന്നുയെന്നത് കൊണ്ട് നിയമനം ലഭിക്കുന്നതിനായി യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

**<u>കുറിപ്പ്:- 2</u>** ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം നിലവിലുള്ള നടപടി ക്രമം അനുസരിച്ച്, അനുവദനീയമല്ല. എന്നാൽ 85/- (എൺപത്തിയഞ്ച് രൂപ മാത്രം). രൂപ “0051-PSC-105 State PSC 99-Examination Fee” എന്ന Head of account ൽ ഒടുക്കി അസ്സൽ ചെല്ലാൻ സഹിതം നിശ്ചിത പ്രൊഫോർമയിൽ ഈ റാങ്ക് പട്ടിക Website ൽ Upload ചെയ്ത തീയതി മുതൽ 30 ദിവസത്തിനകം (ie. **17.02.2023** തീയതിക്കോ അതിനുമുൻപോ) **ജില്ലാ ഓഫീസർ, കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസ് കൊല്ലം- 691001** എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിച്ചാൽ ഉത്തരക്കടലാസ് പുന: പരിശോധിക്കാവുന്നതാണ്. പുന:പരിശോധനയ്ക്കുള്ള അപേക്ഷാ ഫോം കമ്മീഷന്റെ വിവിധ ഓഫീസുകളിലെ അന്വേഷണ വിഭാഗങ്ങളിൽ സൗജന്യമായി ലഭ്യമാണ്. കൂടാതെ ആയത് കമ്മീഷന്റെ www.keralapsc.gov.in എന്ന ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാണ്. കമ്മീഷന്റെ Website ൽ നിന്നും Download ചെയ്ത് A4 Size പേപ്പറിൽ Print ചെയ്ത് എടുത്തിട്ടുള്ളതോ അല്ലെങ്കിൽ ആയതിന്റെ ഫോട്ടോകോപ്പിയോ എടുത്ത് പുന: പരിശോധനയ്ക്കുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിശ്ചിത മാതൃകയിൽ ഉള്ളതല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല. റാങ്ക് പട്ടികയുടെ അംഗീകാരത്തിനു ശേഷം ഒരു തവണ മാത്രമേ ഉത്തരക്കടലാസ് പുന: പരിശോധനയ്ക്ക് അവസരമുള്ളൂ. അസാധുവായ ഉത്തരക്കടലാസുകൾ വീണ്ടും പരിശോധനയ്ക്ക് പരിഗണിക്കുന്നതല്ല. നിശ്ചിത സമയത്തിനുള്ളിലല്ലാതെ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതും ആയതിലേയ്ക്കായി അടച്ച തുക മടക്കി നൽക്കുന്നതുമല്ല.

**<u>കുറിപ്പ്:- 3</u>** OMR ഉത്തരക്കടലാസിന്റെ പകർപ്പ് (A, B ഭാഗങ്ങൾ ) ആവശ്യമുള്ള ഉദ്യോഗാർത്ഥികൾ 335/-(മുന്നൂറ്റി മുപ്പത്തി അഞ്ച്) രൂപ ഫീസ് “0051-PSC-800-State PSC-99- Other Receipts” എന്ന Head of Account ൽ ഒടുക്കി അസ്സൽ ചെല്ലാൻ സഹിതം നിശ്ചിത പ്രൊഫോർമയിൽ ഈ റാങ്ക് പട്ടിക Webstite ൽ Upload ചെയ്ത തീയതി മുതൽ 30 ദിവസത്തിനകം (ie. **17.02.2023** തീയതിക്കോ അതിനുമുൻപോ) **ജില്ലാ ഓഫീസർ, കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസ് കൊല്ലം-691001** എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒരു തവണ മാത്രമേ ഉത്തരക്കടലാസിന്റെ കോപ്പി നൽകുകയുള്ളൂ. ന്യൂനത മൂലം അസാധുവാക്കപ്പെടുന്ന ഉത്തരക്കടലാസുകളുടെ പകർപ്പ് നൽകുന്നതല്ല. ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ഉത്തരക്കടലാസിന്റെ പകർപ്പിനു മാത്രമേ അപേക്ഷിക്കുവാൻ അർഹതയുള്ളൂ. തന്റേതല്ലാത്ത ഉത്തരക്കടലാസ് ആവശ്യപ്പെട്ടുവെന്ന് തെളിഞ്ഞാൽ അപേക്ഷകനെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിലല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**<u>കുറിപ്പ്:- 4</u>** അപേക്ഷകർ, അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെയും ബന്ധപ്പെട്ട പ്രമാണങ്ങൾ സഹിതം സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിന്റെയും അടിസ്ഥാനത്തിലാണ് ജാതി/ സമുദായം സംബന്ധമായ വിവരങ്ങൾ റാങ്ക് പട്ടികയിലെ 9- ാം കോളത്തിൽ ചേർത്തിരിക്കുന്നത്. ഏതെങ്കിലും ഉദ്യോഗാർത്ഥിയുടെ ജാതി അവർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായി റാങ്ക് പട്ടികയിൽ ചേർത്തിട്ടുള്ളതായി കാണുന്ന പക്ഷം ടി വിവരം റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് 30 ദിവസത്തിനുള്ളിൽ **ജില്ലാ ഓഫീസർ, കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസ് കൊല്ലം-691001** എന്ന വിലാസത്തിൽ രേഖാമൂലം അറിയിക്കാത്തപക്ഷം, അവർക്ക് അവകാശപ്പെട്ടിരിക്കുന്ന സമുദായത്തിന്റെ ആനുകൂല്യം ലഭിക്കുന്നതല്ല. യഥാസമയം ടി വിവരം അറിയിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം, റാങ്ക് പട്ടികയിൽ

ചേർത്തിരിക്കുന്ന പ്രകാരം ടി പേരെ അവരുടെ ഊഴം വരുമ്പോൾ നിയമനശിപാർശ ചെയ്യുന്നതുമായിരിക്കും.

**<u>കുറിപ്പ്:- 5</u>** ഈ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 6 മാസത്തെ കാലയളവ് പൂർത്തിയാക്കുന്ന തീയതിയ്ക്ക് ശേഷം (12.06.2023) OMR ഉത്തരക്കടലാസുകളുടെ A, B ഭാഗങ്ങൾ നശിപ്പിക്കുന്നതായിരിക്കും.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

**രാധാകൃഷ്ണപിള്ള. കെ**
**ജില്ലാ ആഫീസർ,**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ്, കൊല്ലം.**

വിതരണാനുമതി നൽകുന്നു

സെക്ഷൻ ഓഫീസർ